ബി3/31/2022-ടി.സി 18-03-2024

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒ,തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
മോട്ടോർ വാഹന വകുപ്പ്, കേരളം

സ്വീകർത്താവ്

എല്ലാ വകുപ്പ് ഓഫീസ് മേധാവികൾക്കും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചതിനു ശേഷം നികുതി കുടിശ്ശികക്ക് തവണ സൗകര്യം അനുവദിച്ചാൽ അനുവർത്തിക്കേണ്ട നടപടികൾ തുടർനിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്-

സൂചന :- 1) 14.11.2006-ലെ GO(Rt) No 393/06/Tran നമ്പർ സർക്കാർ ഉത്തരവ്.
2) 02.09.2010- ലെ 9534/C2/2010/Tran നമ്പർ ഗതാഗത വകുപ്പ് സർക്കുലർ
3) ഈ ഓഫീസിലെ 13.09.2023 ലെ ബി3/89/2023 നമ്പർ നിർദ്ദേശം

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നികുതി കുടിശിക വരുത്തിയതിനു റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച കേസുകളിൽ ഓഫീസുകളിൽ നികുതി സ്വീകരിക്കാൻ പാടില്ലെന്ന് നിർദ്ദേശം നൽകിയിരുന്നു . റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച കേസുകളിൽ നികുതി കുടിശിക തവണകളായി അടക്കുവാൻ സൗകര്യം അനുവദിച്ചാലും നികുതി സ്വീകരിക്കേണ്ടതില്ലായെന്നും റവന്യൂ റിക്കവറി നടപടികൾ തുടരാമെന്നും അറിയിച്ചിട്ടുള്ളതാണ്.

തവണ സൗകര്യം അനുവദിച്ചാലും അല്ലെങ്കിലും റവന്യൂ റിക്കവറി സവികരിച്ച കഴിഞ്ഞ കേസുകളിൽ ഓഫിസിൽ നികുതി സ്വീകരിക്കുവാൻ പാട്ടുള്ളതല്ല.റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചതിനു ശേഷം തവണ സൗകര്യം അനുവദിക്കപ്പെട്ട കേസുകളിൽ നികുതി സ്വീകരിക്കുവാൻ സാധിക്കില്ലായെന്നു വാഹന ഉടമയെ അറിയിക്കുന്നതോടൊപ്പം ടി വിവരം സർക്കാരിനെ ട്രാൻസ്‌പോർട് കമ്മീഷണർ മുഖേന അറിയിക്കേണ്ടതാണ്.

എന്നാൽ ഒറ്റത്തവണ നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതി പ്രകാരം നികുതി അടക്കുവാൻ വരുന്ന വാഹനങ്ങൾക്ക് റവന്യൂ റിക്കവറി സ്വീകരിച്ചിട്ടുണ്ടെങ്കിലും നികുതി സ്വീകരിച്ച് കുടിശ്ശിക നിവാരണം നടത്താമെന്ന് സർക്കാരിന്റെ 01.04.2022 -ലെ GO(P)No 11/2022/Tran നമ്പർ ഉത്തരവിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ളതിനാൽ അത്തരം കേസുകളിൽ ഒറ്റത്തവണ നികുതി

Scanned with OKEN Scanner

B3/31/2022-TC

I/189701/2024

കുടിശ്ശിക തീർപ്പാക്കൽ പദ്ധതി പ്രകാരം നികുതി കുടിശിക സ്വീകരിക്കാവുന്നതാണ്. ഇത്തരത്തിൽ നികുതി സ്വീകരിക്കുമ്പോൾ സർക്കുലർ നമ്പർ 6/2022 ലെ ഖണ്ഡിക 10 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

അതുപോലെതന്നെ സർക്കാർ തവണ സൗകര്യം അനുവദിച്ച ഒരു വാഹനത്തിന് മുമ്പ് അനുവദിച്ച തവണകളിൽ എന്തെങ്കിലും കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയത് പരിഗണിക്കേണ്ടതില്ല എന്ന് സൂചന (2) പ്രകാരം നൽകിയിട്ടുള്ള നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

എന്നാൽ തവണ സൗകര്യം അനുവദിച്ചുകൊണ്ട് സർക്കാർ നൽകുന്ന ഉത്തരവിൽ/കത്തിൽ മുൻപ് തവണ സൗകര്യം അനുവദിച്ച ഉത്തരവ് റദ്ദ് ചെയ്തതായി സൂചിപ്പിച്ചിട്ടുണ്ടെങ്കിലോ മുൻപ് അനുവദിച്ച തവണയുടെ ബാക്കി തുക കൂടി ഉൾപ്പെടുത്തിക്കൊണ്ട് പുതിയ തവണകൾ അനുവദിച്ചതായി സൂചിപ്പിച്ചിട്ടുണ്ടെങ്കിലോ അപ്രകാരം തവണകൾ സ്വീകരിക്കാവുന്നതുമാണ്..

വിശ്വസ്തതയോടെ,

Signed by
Shaji Madhavan
Date: 18-03-2024 22:45:31

SHAJI MADHAVAN
SENIOR DEPUTY TRANSPORT COMMISSIONER

പകർപ്പ് :- നോഡൽ ഓഫീസർ, എസ്.ജി സെൽ, വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)



Scanned with OKEN Scanner